ഉത്തരം

(എ) സൗത്ത് ഇന്ത്യ യൂണൈറ്റഡ് ചർച്ചിന്റെ പേരിലാണ് കാരക്കോണം മെഡിക്കൽ കോളേജ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(ബി & സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) കാരക്കോണം മെഡിക്കൽ കോളേജിന് 23-8-2001-ലാണ് സംസ്ഥാന സർക്കാർ എസ്റ്റാൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകിയത്.

(ഇ) പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും 50% സീറ്റുകളിലേക്ക് പ്രവേശന പരീക്ഷ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നു. ബാക്കിയുള്ള 50% സീറ്റുകളിൽ കോളേജ് മാനേജ്മെന്റ് ആണ് അഡ്മിഷൻ നടത്തുന്നത്. 2002-03-ൽ 1,76,000 രൂപയാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. 2003-04-ലെ ഫീസ് നിരക്ക് നിശ്ചയിച്ചിട്ടില്ല.

(എഫ്) ഉണ്ട്. കഴിഞ്ഞ വർഷത്തെ അഡ്മിഷൻ സർക്കാർ നിർദ്ദേശമായ 50% മെരിറ്റും 50% മാനേജ്മെന്റ് ക്വാട്ടയും എന്ന നിബന്ധന കാരക്കോണം മെഡിക്കൽ കോളേജിൽ പാലിച്ചിരുന്നു. ഈ വർഷവും ആ നിബന്ധന പാലിക്കാമെന്ന് മാനേജ്മെന്റ് സമ്മതിച്ചിട്ടുണ്ട്. കോളേജ് അധികൃതർ നടത്തിയ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിനെ ആധാരമാക്കിയാണ് മാനേജ്മെന്റ് സീറ്റിൽ പ്രവേശനം നൽകിയത്.

ബി. എഡ്. പ്രവേശനം നിഷേധിച്ചതുമായി ബന്ധപ്പെട്ട നിവേദനം

133 (4416) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേളന്നൂർ ശ്രീനാരായണ കോളേജിൽ 2002-ൽ ശ്രീ. സി. കെ. അൻസാരി എന്ന വിദ്യാർത്ഥിക്ക് ബി. എഡ്. പ്രവേശനം നിഷേധിച്ചതായി പരാതിപ്പെട്ടുകൊണ്ട് ശ്രീ. സി. കെ. അബ്ദുള്ള സമർപ്പിച്ച നിവേദനത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് കോഴിക്കോട്ട് സർവ്വകലാശാലാ രജിസ്ട്രാർ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ ഉള്ളടക്കം വ്യക്തമാക്കാമോ ;

(ഇ) റിപ്പോർട്ടിന്മേൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചത് ?

ഉത്തരം

(എ) ചേളന്നൂർ ശ്രീനാരായണ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ ബി. എഡ്. ഫിസിക്കൽ സയൻസ് വിഭാഗത്തിൽ ജനറൽ മെറിറ്റിൽ 9-ാം സ്ഥാനം ലഭിച്ചിട്ടും ബി. കെ. അൻസാരി എന്ന വിദ്യാർത്ഥിക്ക് പ്രവേശനം നൽകിയില്ല എന്ന് പരാതിപ്പെട്ട് ശ്രീ. സി. കെ. അബ്ദുള്ള സമർപ്പിച്ച നിവേദനം, യുക്തമായ അന്വേഷണം നടത്തി എത്രയും വേഗം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന നിർദ്ദേശത്തോടെ കോഴിക്കോട് സർവ്വകലാശാലാ രജിസ്ട്രാർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. വിവരം നിവേദനകനെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർവ്വകലാശാല നിയോഗിച്ച അന്വേഷണ സമിതി അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) അന്വേഷണ സമിതി സർവ്വകലാശാലയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) റിപ്പോർട്ടിന്റെ പ്രസക്തഭാഗം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) അന്വേഷണ സമിതിയുടെ റിപ്പോർട്ടിന്മേൽ സർക്കാർ നടപടി ആവശ്യമെന്ന് സർവ്വകലാശാലാ സിൻഡിക്കേറ്റ് ശുപാർശ ചെയ്താൽ പരിശോധിക്കുന്നതാണ്.

ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിലെ ബി. ആർ. കോഴ്സിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി പുതിയ തസ്തിക അനുവദിക്കാൻ നടപടി

134 (4417) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ടി.കെ. എം. എഞ്ചിനീയറിംഗ് കോളേജിൽ ബി. ആർക്ക് കോഴ്സിന്റെ സുഗമമായ നടത്തിപ്പിന് ആർക്കിടെക്ചർ കൗൺസിലിന്റെ നോംസ് അനുസരിച്ച് പുതിയ തസ്തികകൾ അനുവദിക്കുന്നതിനായി മാനേജ്മെന്റ് സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ടോ :

(ബി) ഉണ്ടെങ്കിൽ ഈ അപേക്ഷയിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

പോളിടെക്നിക്കുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സേവന-വേതന വ്യവസ്ഥകൾ

135(4418) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിലെ പോളിടെക്നിക്കുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ :

(ബി) പോളിടെക്നിക്കുകളിൽ എ.ഐ.സി.റ്റി.ഇ. അദ്ധ്യാപകർക്ക് എ. ഐ. സി. റ്റി. ഇ. പേ സ്കെയിൽ എന്നിവ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ :

(സി) ഇത് സംബന്ധിച്ച് പഠിക്കുന്നതിനും ശിപാർശ നൽകുന്നതിനും മുൻസർക്കാർ കമ്മിറ്റിയെ നിയോഗിച്ചിരുന്നോ : ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly